**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1844** **29-07-2021 - ൽ മറുപടിയ്ക്ക്**

**അടച്ചുപൂട്ടുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ സി ആർ മഹേഷ്** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് പ്രതിസന്ധി കാരണം സംസ്ഥാനത്ത് നിരവധി വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രതിസന്ധി കാരണം തുറന്നുപ്രവർത്തിക്കാൻ കഴിയാത്തതിനാൽ ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് നിരവധി വ്യാപാരി വ്യവസായികൾ അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കോവിഡ് പ്രതിസന്ധി കാരണം വ്യാപാര സ്ഥാപനങ്ങൾ ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലെ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാക്കലിന്റെയും പുതിയ രജിസ്ട്രേഷന്റെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് കാരണം ഈ മേഖലയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | ഇവരെ സഹായിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| സാമ്പത്തിക വർഷം | രജിസ്ട്രേഷൻ സ്വമേധയാ റദ്ദാക്കിയതിന്റെ എണ്ണം | പുതിയ രജിസ്ട്രേഷനുകളുടെ എണ്ണം |
|---|---|---|
| 2018-19 | 12934 | 55066 |
| 2019-20 | 15781 | 50022 |
| 2020-21 | 13644 | 53168 |

സെക്ഷൻ ഓഫീസർ